
# ചെറിയ ചെറിയ മീനുകളും വലിയ മത്സ്യങ്ങളും

എൻ.പി.ഹാഫിസ് മുഹമ്മദ് (സോഷ്യോളജി വിഭാഗം)



## ചെറിയ ചെറിയ കഥകളും വലിയ കഥകളും


കല്യാണപ്പുരയിൽ കല്യാണത്തലേന്ന് ഒത്തു കൂടിയാൽ ചെറുപ്പക്കാർക്ക് പങ്കുവെയ്ക്കാൻ എന്തുണ്ട്. പഴയ കാലത്ത് പഴയ സാഹസങ്ങൾ. പുതിയ കാലത്ത്, കൂട്ടുകാരൻ (HIV +) അലക്സിനു ചുറ്റും പ്രിയയുടെ കൂട്ടുകാരികൾ. പ്രിയ പറയുന്നു: "അലക്സ്, ഇന്നും നിനക്കുറങ്ങാനാവില്ല. ഇവർക്ക് നിന്റെ സാഹസ്യകൃത്യങ്ങളെക്കുറിച്ച് കേൾക്കണം". അലക്സാണ്ടർ ദി ഗ്രേറ്റ്.... പുതിയ കാലത്തിന്റെ സാഹസം.

ചെറിയ ചെറിയ കഥകൾ പലപ്പോഴായി എഴുതിയതാണ്. രാഷ്ട്രീയവും സാമൂഹികവുമായ മുന്നറിയിപ്പു നൽകാൻ കുറും കഥകളാണ് നല്ലതെന്നറിയുന്നു. സാമ്രാജ്യം വെട്ടിപ്പിടിക്കാനുള്ള അക്രമങ്ങൾ എന്നിങ്ങനെ. യുദ്ധം അപ്പമായി മാറിയതിങ്ങനെ "അപ്പം മതിയാവോളം കിട്ടിയിട്ട് കാലമേറെയായി. കുഞ്ഞുങ്ങളുടെ വയറൊട്ടിക്കിടന്നു. കുടിവെള്ളം പോലും കിട്ടാനില്ല. തൊണ്ട വരണ്ടുണങ്ങി മരുപ്പറമ്പായിക്കിടന്നു. ണ്ണു കുഴിച്ചുണ്ടാക്കിയ തുരങ്കത്തിൽ ഒളിഞ്ഞിരിക്കുന്നവരിൽ ഒരു കുട്ടി. വിശന്നു വിശന്ന് വിശപ്പറിയാതായെന്ന് ആരോടെന്നില്ലാതെ പറഞ്ഞു. എനിക്ക് നന്നേ വിശക്കുന്നുണ്ടെന്ന് അടുത്തിരിക്കുന്ന മെലിഞ്ഞ കുട്ടി പറഞ്ഞു. വിശന്ന് കണ്ണു കാണാതായെന്നും ചെവി കേൾക്കാതായെന്നും ചെവി കേൾക്കാതായെന്നും കുഴഞ്ഞു കിടക്കുന്ന മറ്റൊരു കുട്ടി പറഞ്ഞു. ക്ഷീണിച്ചുറങ്ങിപ്പോയ ഒരു പെൺകുട്ടി അപ്പോൾ എണ്ണീറ്റിരുന്നു. ആരും സങ്കടപ്പെടേണ്ട, ദൈവം ഇപ്പോൾ വയറു നിറയെ അപ്പം തരുമെന്ന് പറഞ്ഞു. കുട്ടികൾ തുരങ്കത്തിന് പുറത്തേക്ക് നീങ്ങി ആകാശത്തേക്ക് നോക്കി. മിന്നൽ വേഗത്തിൽ വന്ന ആകാശപ്പറവകൾ അവരുടെ തുറന്ന വായിലേക്ക് ഒരോരോ ബോംബിട്ടു മറഞ്ഞു."


ഉറക്ക മിഴിക്കുന്നു, നമ്മുടെയെല്ലാം വീട് സൂക്ഷിപ്പുകാരൻ, തുടങ്ങിയ കഥകൾ. ഇന്നിന്റെ രാഷ്ട്രീയം ചെറിയതിൽ ഏറ്റവും ചെറിയത്. "പാട്ട" എന്ന ഒറ്റ വാചക കഥ. പാട്ട ഇങ്ങനെ "പിറന്നതിൽപ്പിന്നെ മുലപ്പാലൂട്ടാതെ, പച്ചവെള്ളം പോലും കൊടുക്കാതെ പാട്ട ഭക്ഷണവും കൊടുത്തു കൊടുത്ത് കുട്ടി ഉള്ളു പൊള്ളയായ, ഭംഗിയുള്ള ഒരു പാട്ടയായി മാറി".

ചെറിയ കഥകളിൽ മനസ്സ് പാമ്പായി വരുന്നു.





ഗോതമ്പു മണിയുടെ നിറമുള്ള പാമ്പിലും കരി നാഗത്തിലും ഗോതമ്പുമണിയുടെ നിറമുള്ള അയൽക്കാരിയെ ഏതുവിദേനയെങ്കിലും പരിചയപ്പെടാൻ, പാമ്പിനെക്കണ്ടതായി അഭിനയിച്ച് പാടികേറി പടികേറി കിണറ്റിൽ കരയിലെത്തിയ ചെറുപ്പക്കാരൻ, പിറ്റേന്ന് പെൺകുട്ടിയുടെ ശബ്ദം കേൾക്കുന്നു. പാമ്പ്.... പാമ്പ്.... പടി ഓടിക്കേറാൻ തുനിയവെ മുന്നിലേക്ക് ചാടിയ പാമ്പിനെ കണ്ടു





അയാൾ. ഗോതമ്പിന്റെ നിറമുള്ള തിളങ്ങുന്ന കണ്ണുകളുള്ള ഫണം വിടർത്തി നാവു നീട്ടുന്ന പാമ്പ്. അതെ ഗോതമ്പ് മണിയുടെ നിറമുള്ള പാമ്പ്.

ചില വലിയ കഥകളുമുണ്ട് 'ചെറിയ ചെറിയ മീനുകളും വലിയ മത്സ്യവും എന്ന കഥയിൽ. അലസൻ കുട്ടിയുടെ വീട്ടുമുറ്റത്തെത്തിയ നവ സാമ്രാജിത്വത്തിന്റെ വാ പിളർന്ന മുഖം, പെരച്ചൂട്ടി സ്വർഗ്ഗം പൂകുന്നു, തക്കു തിരിച്ചു വരവ്, ശ്രീറാം ആകാശത്തേക്ക്, ബീഡി മാഷ് എന്നീ കഥകളിൽ വേറിട്ടു നിൽക്കുന്ന കഥാപാത്രങ്ങളും അധ്യാപകനെ വിടാതെ കൂടി ബാധയായി മാറിയ സീനത്ത്, മിന്നൽ പോലെയിൽ.

കഥകൾ ചിട്ടപ്പെടുത്തിയത് മൂന്നു ഭാഗങ്ങളിൽ വ്യക്തി, സമൂഹം, സംസ്കാരം, കഥയെഴുതുന്നത് രാഷ്ട്രീയ പ്രവർത്തനമെന്ന്, ചെറുതും വലുതുമായ കഥകളുടെ സമാഹാരമായ ചെറിയ ചെറിയ മീനുകളും വലിയ മത്സ്യങ്ങളും.

# മീഡിയാ സ്കാൻ

യാസീൻ അഷ്റഫ് (ഇംഗ്ലീഷ് വിഭാഗം)

വാർത്താമാധ്യമങ്ങളിൽ അച്ചടിച്ചുവരുന്നതെന്തും വിശ്വസിക്കുന്ന സമ്പ്രദായം പൊതുവെയുണ്ട്. അറിയാതെ സംഭവിക്കുന്ന പിഴവുകളും വൈകല്യങ്ങളുമൊഴിച്ചാൽ പത്രവാർത്തകൾ പൊതുവെ സത്യമാണെന്ന് വിശ്വസിക്കപ്പെടുന്നു.ഈ വിശ്വാസം ശരിതന്നെയോ എന്ന പരിശോധനയാണ് മാധ്യമ നിരൂപണങ്ങളുടെ കാതലായ വശം.

പത്രങ്ങളിൽ വരുന്ന വാർത്തകൾ ഓരോന്നും പത്രാധിപർ മുഖേന നടക്കുന്ന ഓരോ തെരഞ്ഞെടുപ്പാണ്. ഏതെല്ലാം വാർത്തകൾ പത്രത്തിൽ അച്ചടിക്കാം, ഏതെല്ലാം ഒഴിവാക്കാം എന്നത് ഡെസ്ക് എടുക്കുന്ന തീരുമാനങ്ങളിൽ പെടുന്നു. ഈ തീരുമാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളും വാർത്ത തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങളും പരിശോധിക്കേണ്ടതുണ്ട്. വാർത്തകൾക്ക് നൽകുന്ന പ്രാധാന്യവും പരിശോധനാവിധേയമാക്കണം.



അച്ചടിമാധ്യമങ്ങളെ - വിശേഷിച്ച് മലയാള പത്രങ്ങളെ - നിരൂപണവിധേയമാക്കുന്ന പംക്തിയാണ് 'മാധ്യമം ആഴ്ചപ്പതിപ്പി'ൽ പ്രസിദ്ധപ്പെടുത്തിവരുന്ന 'മീഡിയാ സ്കാൻ'. മാധ്യമനയങ്ങളിലെ രാഷ്ട്രീയം, ഉള്ളടക്കത്തിലെ താൽപ്പര്യങ്ങൾ, വിധേയത്വം തുടങ്ങിയവ ഈ പംക്തിയിൽ കൈകാര്യം ചെയ്യുന്നു. 1998 ൽ പ്രസിദ്ധപ്പെടുത്തിയ കുറിപ്പുകളിൽ കുറേയെണ്ണം വിഷയാടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയതാണ് ഇപ്പോൾ പുറത്തുവരുന്ന 'മീഡിയാ സ്കാൻ' എന്ന പുസ്തകം.

❖

# ശ്മശാനങ്ങൾക്ക് സ്മാരകങ്ങളോട് പറയാനാവാത്തത്

കെ.ഇ.എൻ.(മലയാളം വിഭാഗം)

*ഒന്ന്,*

നാടുകടത്തിയാലും ഞങ്ങളിവിടെ നിന്ന് പോവില്ലെന്നും വെടിയുണ്ടകൾക്ക് ഞങ്ങളുടെ വഴിയിൽ തുളകൾ വീഴ്ത്താനാവില്ലെന്നും, സ്വന്തപ്പെട്ടതെല്ലാം നഷ്ടപ്പെട്ട ഒരു വംശം വികാരവിവശരായി വിളിച്ചു പറയുകയാണ്. 'നമ്മളീ ഭൂമിയുടെ മക്കളാണെങ്കിൽ അവൾ നമ്മോട് കരുണ കാട്ടേണ്ടിയിരിക്കുന്നു'. ആരോ വിസർജിച്ച ഈച്ചയാർക്കുന്ന ഉത്തരങ്ങളെ തള്ളിക്കൊണ്ട് ദാർവിഷ് ചോദിക്കുന്നു. 'അവസാനത്തെ അതിർത്തിയും മുറിച്ചുകടന്ന് ഞങ്ങളെവിടെ പോകാനാണ്? അവസാനത്തെ ആകാശത്തിനുമപ്പുറത്തേക്ക് പക്ഷികൾ എങ്ങോട്ട് പറക്കാനാണ്? നിങ്ങളീ വിതുമ്പലിന്റെ വലിവുകൾ കേൾക്കുകയില്ലേ?

മരിച്ചാലും പിറന്ന മണ്ണിനെ പുണർന്നു തന്നെ കിടക്കുമെന്ന ഒരു പോരാളിയുടെ പുളകപ്പെയ്ത്താകുന്നു ദാർവിഷിന്റെ കവിത. 'ഒരു കൂട്ടം രക്തസാക്ഷികൾ എനിക്കുനേരെ കുതിക്കുന്നത് ഞാൻ കാണുന്നു. പിന്നെ അവരെന്റെ മാറിൽ ഒളിഞ്ഞിരിക്കുകയും ജ്വലിക്കുകയും ചെയ്യുന്നു'. ഒരു വിമോചനപ്പോരാളിയുടെ ജീവിതത്തിന്റെ ആമുഖവും ഉപസംഹാരവും ഇതിലടങ്ങുന്നു. സ്വന്തം ആകാശത്തിന്റേയും മേൽപ്പുരയായി ജനങ്ങളെ കാണുന്ന ഒരു കവി 'ഞാൻ നിങ്ങളോടൊപ്പം ഇവിടെത്തന്നെ നിൽക്കു'മെന്നെഴുതുമ്പോഴും, 'എന്റെ ശരീരം ഈ ഭൂമിക്കുമുകളിലുള്ള നിങ്ങളുടെ ഭൂമിയാകുന്നു' എന്ന് പറയുമ്പോഴും അതാർക്കും അലസമായി ഈണത്തിൽ പാടി രസിക്കാൻ കഴിയില്ല. അകത്തെ ദുർഗന്ധത്തെ സംരക്ഷിക്കാൻ സായുധരാവുകയും പുറത്ത് അത്തർ പുരട്ടുകയും ചെയ്യുന്നവർക്ക്, അവരുടെ ഫ്രിഡ്ജിലിട്ട മനസ്സിന് ദാർവിഷ് ഒരുവൻ ഭീഷണിയാവാതെ വയ്യ. 'സ്വന്തം മനസ്സിലെ ഇരുട്ട് കാണാൻ നിങ്ങൾ കാഫ്ക വായിക്കുക' എന്ന് ദാർവിഷ് പറയുന്നത് ഇവരോടാവുമോ? സ്വന്തം ഉപ്പൂപ്പമാർ വിയർത്തു നിൽക്കുന്ന പഴത്തോട്ടങ്ങളിൽ സാമ്രാജ്യത്വം കാറ്റുകൊള്ളാനിറങ്ങുന്നത് പലസ്തീൻകാർക്ക് ഒരു നടുക്കത്തോടെയല്ലാതെ നോക്കിനിൽക്കാനാവില്ല. പാറ പിഴിയുന്നോരുടെ മനസ്സിലുമുണ്ട് പൂക്കളും പൂമ്പാറ്റകളും പ്രിയപ്പെട്ടോരുടെ ചിരിയിൽ നിന്നും ചോരക്കൊതിയന്റെ ചിരി വേർതിരിച്ചറിയാൻ ഒരു ബിരുദവും ആവശ്യമില്ലെന്ന് അനുഭവം അവരെ അസ്സലായി പഠിപ്പിച്ചിരിക്കുന്നു. ദാർവിഷ് അവരുടെ പ്രിയപ്പെട്ട കവിയാണ്. 'ഒരിക്കൽ ഞങ്ങൾ ഒരു ജനതയായിരുന്നു. ഇപ്പോൾ ഞങ്ങൾ കല്ലുകളാകുന്നു. ഒരിക്കൽ ഞങ്ങളൊരു രാജ്യമായിരുന്നു, ഇപ്പോൾ ഞങ്ങൾ പുകയാകുന്നു'. നമ്മെ ദാർവിഷ് ഒരറിവിലേക്ക്, അഭയാർത്ഥിയുടെ അശാന്തിയുടെ ആഴങ്ങളിലേക്ക്, ബലാൽക്കാരമായി തള്ളുകയാണ്. കടൽപ്പക്ഷികളോട് കലഹിക്കാനോ, പൂക്കളോട് പുന്നാരം പറയാനോ അപ്പോൾ നമുക്കാവുകയില്ല.

പാറ പിഴിയുന്നോരുടെ മനസ്സിലുമുണ്ട് പൂക്കളും പൂമ്പാറ്റകളും പ്രിയപ്പെട്ടോരുടെ ചിരിയിൽ നിന്നും ചോരക്കൊതിയന്റെ ചിരി വേർതിരിച്ചറിയാൻ ഒരു ബിരുദവും ആവശ്യമില്ലെന്ന് അനുഭവം അവരെ അസ്സലായി പഠിപ്പിച്ചിരിക്കുന്നു.

'മാംസച്ചീളുകൾ ചിതറിത്തെറിക്കുന്ന ചോരപ്പാടങ്ങളിൽ നിൽക്കുമ്പോഴും പറവകൾ എന്റെ കൂട്ടിൽ കൂടുകൂട്ടിയിട്ടുണ്ടെ'ന്ന് ചൊല്ലാൻ ദാർവിഷിന് കഴിയുന്നു. സംഗ്രാമഭൂമിയുടെ സൗന്ദര്യം ആയുധത്തിന്റെ മുർച്ചയിലും അത് ലക്ഷ്യത്തിൽ കൊള്ളിക്കുന്നതിലും പ്രയോഗിക്കുന്നതിന്റെ വേഗതയിലുമാണ് സ്ഥിതി ചെയ്യുന്നത്. നിലവിളിക്ക് സംഗീതത്തിന്റെ സഹായവും പ്രതിജ്ഞക്ക് പൊങ്ങുപദങ്ങളുടെ പിന്തുണയും പോരാട്ടത്തിന് സൗന്ദര്യത്തിന്റെ കടാക്ഷവും വേണ്ടെന്ന് മറ്റ് ജനകീയ കവിതകളോടൊപ്പം ദാർവിഷിന്റെ കവിതയും നമുക്ക് അറിവ് തരുന്നു. അത് നിരലംകൃതവും നിശിതവുമാണ്. 'ഞാനൊരറബി. കുട്ടികൾ എട്ട്, എഴുതിയെടുത്തോ വെറുമൊരു സംജ്ഞാനാമം മാത്രം. മാറാപ്പേരും സ്ഥാനപ്പേരും ഒന്നും എനിക്കില്ല....'.

ഒരു യുദ്ധഭൂമിയിൽ നിൽക്കുമ്പോൾ എഴുതുക എന്നുള്ളത് പൊരുതുക എന്നുള്ളതിന്റെ മറ്റൊരു പേര് മാത്രമാകുന്നു. ദാർവിഷിന്റെ കവിത പലസ്തീന്റെ മുറിവുകളുടെ പശ്ചാത്തലത്തിലും ചോരക്കുപകരം ചിലപ്പോഴെങ്കിലും വെടിയുണ്ടകളാണ് വർഷിക്കുന്നത്. കരിയിലകണക്കെ കനംകുറഞ്ഞ അലസമരണങ്ങളുടെ അന്ത്യമൊഴികളോടല്ല, പർവതതുല്യം ഭാരമുള്ള രക്തസാക്ഷികളുടെ




പിന്നെയും ബാക്കിയാവുന്ന പോർവിളികളോടാണ്. 'പലസ്തീനിലെ പ്രതിരോധ സമരത്തിന്റെ ലോർക'യെന്ന് വിമർശകർ വിശേഷിപ്പിച്ചിട്ടുള്ള ദാർവിഷിന് പ്രിയം. 'നഷ്ടപ്പെടാൻ ശവമഞ്ചങ്ങൾ മാത്രം' എന്ന ദാർവിഷിന്റെ കുറുകിയ വരിയിൽനിന്നും സംഘർഷഭരിതമായ പലസ്തീൻ ജീവിതത്തിന്റെ ഉത്സാഹഭരിതമായ ഊർജ്ജം തന്നെയാണ് തിളച്ചുമറിയുന്നത്. പ്രിയപ്പെട്ടോരുടെ ചിതറിപ്പോയ മാംസച്ചീളുകൾ ചേർത്തുവെച്ച് അവരുടെ ഒരേകദേശചിത്രം പോലും വരക്കാനാവാതെ താൽക്കാലികമായെങ്കിലും തലചുറ്റിനിന്നു പോകുന്ന ഒരു ജനതയുടെ അനുഭവമാണ് ദാർവിഷ്. 'ഗാസ ഓറഞ്ചുകൾ വിൽക്കുന്നില്ല. അവടുന്നുകളിലാക്കിയ അവളുടെ രക്തമാകുന്നു' എന്ന രണ്ട് വരിയിൽ അമർത്തുന്നത് കൂട്ടക്കൊലയുടെ നിൽക്കാത്ത തുടർച്ചകൾ കൊച്ചുവരികളിൽ ഭയാനകമായ നിശ്ശബ്ദതയോടെ ചുരുണ്ടുകിടക്കുകയാണ്.

*രണ്ട്*

സാമൂഹ്യ ബോധം സ്തംഭിക്കുമ്പോഴാണ് സമസ്ത ജീർണതകളും സംഭവിക്കുന്നത്. തന്നിൽ നിന്നും പ്രപഞ്ചത്തിലേക്കുള്ള അകലം അറിയുകയും വിനയാന്വിതനായി അതിനെ അഭിമുഖീകരിക്കാനുള്ള ശ്രമമായി സ്വന്തം ജീവിതത്തെ സമർപ്പിക്കുകയും ചെയ്യുമ്പോഴാണ് സജീവമായ സാമൂഹ്യജീവിതം ആരംഭിക്കുന്നത്. മനുഷ്യജീവിതം ഇന്നനുഭവിക്കുന്ന സർവ്വ സൽഫലങ്ങളും സാമൂഹ്യ ജീവിതത്തിന്റെ സംഭാവനകളാണ്. സ്വകാര്യ ജീവിതം സംസ്കാരപൂർണമാകുന്നത് സാമൂഹ്യ ജീവിതത്തിന്റെ സ്പന്ദനംകൊണ്ടാണ് ത്രസിക്കുമ്പോൾ മാത്രമാണ്. പ്രകൃതിയിൽ നിന്നുള്ള അകൽച്ചയുടെ നഷ്ടം മനുഷ്യർ നികത്തിയത് സാമൂഹ്യ ജീവിതത്തിന്റെ മറ്റൊരു സമാന്തരലോകം സൃഷ്ടിച്ചുകൊണ്ടാണ്. ജന്മവാസനകൾ ജയിക്കുമ്പോൾ തകർന്നു വീഴുന്നത് സംസ്കാരത്തിന്റെ ലോകം മുഴുവനുമാണ്. കലയും സാഹിത്യവും സാമൂഹ്യ ജീവിതം സാധ്യമാക്കിയ മനുഷ്യവംശത്തിന്റെ മഹാസ്വപ്നങ്ങളാണ്. മനുഷ്യബന്ധങ്ങളെ അതിന്റെ സമസ്ത സങ്കീർണതകളോടും കൂടി അനാവരണം ചെയ്തും പ്രസ്തുത ബന്ധങ്ങളുടെ പ്രകാശപൂർണവും അന്ധകാരാവൃതമായ വിരുദ്ധതലങ്ങളെ വെളിപ്പെടുത്തിയും നിത്യജീവിതത്തിന്റെ മടുപ്പുകൾക്കും വിസ്മയങ്ങൾക്കുമിടയിലേക്ക് വാതിലുകൾ തുറന്നുവെച്ചും മനുഷ്യനൊപ്പവും അവനു മുമ്പിലും അത് നിലകൊള്ളുന്നു. സാമാന്യ ബോധം വിചാരരഹിതമായി സ്വീകരിക്കുന്ന അനുഭവങ്ങളെ വെല്ലുവിളിച്ചും തകർത്തും ചിലപ്പോൾ ഭേദഗതികൾ നിർദ്ദേശിച്ചും ഉൽഗ്രഥനത്തിനൊപ്പം അശാന്തമായ അപഗ്രഥനത്തിന്റെ തുരങ്കവഴികൾ അത് തുറന്ന് വെക്കുന്നു. ആവർത്തനങ്ങളിൽ അലോസരങ്ങൾ സൃഷ്ടിച്ചും പതിവുകളിൽ പൊള്ളലേൽപ്പിച്ചും കണ്ടുപിടിത്തങ്ങളുടെ ലോകത്തിലേക്ക് കുതിച്ചും അതെന്നും ഒരു തരം സാഹസിക സഞ്ചാരമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

*മൂന്ന്*

പ്രണയം സമം കാൽപനികത എന്ന സമീപനം പ്രണയത്തെ കുറിച്ച് കാൽപനികതയെ കുറിച്ചുള്ള അവികസിത കാഴ്ചപ്പാടിന്റെ സന്തതിയാണ്. വാൻഗോഗ് ഓർമ്മപ്പെടുത്തിയത് പോലെ പ്രണയത്തിന് മുൻപും പിൻപുമുള്ള മനുഷ്യന്റെ അവസ്ഥ യഥാക്രമം കത്താതിരിക്കുമ്പോഴും കത്തുമ്പോഴുമുള്ള വിളക്കിന്റേതിന് തുല്യമാണ്. വിളക്ക് അവിടെ ഉണ്ടായിരുന്നു. ഇപ്പോൾ അത് പ്രകാശം ചൊരിയുന്നു. വിളക്കിന്റെ യഥാർത്ഥ ധർമ്മമാണത്.

എന്നാൽ ഇപ്പോൾ വാൻഗോഗ് വാഴ്ത്തിയ ജീവിതവിളക്കിൽ ഇരുട്ടാണ് തെളിയുന്നത്. വെളിച്ചങ്ങളെല്ലാം ഇരുട്ടിലേക്ക് തിരിച്ച് നടക്കുന്നു. സമ്മാനങ്ങൾ മാത്രം സ്വപ്നം കണ്ടുണരുന്ന ഒരു കാലത്ത് പ്രണയത്തിന്റെ അസ്തികൂടുകൾ പോലും കണ്ടെത്തുക പ്രയാസമാണ്. 'ഇല്ലാ ഞാൻ നിന്നെ നശിപ്പിക്കയില്ലൊരു/ പുല്ലാംകുഴലിന് വേണ്ടി ഒരിക്കലും' എന്ന് 'ചന്ദ്രിക' സന്തോഷം കൊള്ളും. 'അവനിയിൽ മമ പ്രണയ നാടകം, അവസാനിക്കുവാൻ സമയമായി'. എന്ന് രമണനോ സങ്കടപ്പെടുകയില്ല !

*നാല്,*

കമ്പിക്കൊളുത്തിൽ കുരുങ്ങി ഒരു ബ്രോയിലർ കൂട്ടിൽ നിന്നും പിടഞ്ഞ് നീങ്ങിയാലും മറ്റ് അവറ്റകൾക്കൊന്നും ഒരു പിടച്ചിലുമില്ല. ഒരു തരം മന്തം നിൽപാണ്. സത്യത്തിൽ ജനാതിപത്യം അരാഷ്ട്രീയം എന്നത് കൊണ്ട് വിവക്ഷിക്കുന്നത് സമൂഹത്തമായ ജീവിത സത്യത്തോട് ബ്രോയിലർ കോഴികളെ പോലെ മനുഷ്യർ പുലർത്തുന്ന മന്ത നിലപാടുകളല്ലാതെ മറ്റെന്താണ്. സ്വയം അവസാനിക്കുമ്പോൾ പോലും ഒന്നു പിടയാനോ, കുതറാനോ, കഴിയാത്ത 'നിസ്സഹായതയുടെ ആഘോഷമാണ്, ത

ശാസ്ത്രങ്ങളുടെ അകമ്പടിയോടെ അരാഷ്ട്രീയ വാദമെന്ന അസംബന്ധനാമത്തിൽ ഇന്ന് നമുക്ക് മേൽ അടിച്ചേൽപ്പിക്കപ്പെടുന്നു.

നറുക്കെടുപ്പിനും സമ്മാനകൂപ്പണിനുമിടയിൽ ചരിത്രം സ്തംഭിച്ച് നിൽക്കുമ്പോൾ സ്വന്തം സഹോദരന്റെ ചോര മനുഷ്യരാശിയുടെ പാതങ്ങളിൽ ഒരു നിലവിളിയോടെ സങ്കടം സമർപ്പിക്കുന്നു. എന്തും ഒരു നറുക്കായി തീരുന്ന കാലത്ത് മൂന്ന് ലോകങ്ങൾക്കുമേൽ തീയാളിപ്പടരാതെവയ്യ. യാദൃച്ഛികതകളെ മാത്രം കേവലമായി ആശ്രയിക്കുന്ന ജീവിതത്തിന്റെ അകത്തളങ്ങളിൽ നിന്നാണ് ആക്രമണപരതയുടെ രക്ത പുഷ്പങ്ങളും വിടരുന്നത്. ഷഹറസാദ ക്രോധാവിഷ്ടനായൊരു സുൽത്താനെ കഥപറഞ്ഞ് സാന്ത്വനിപ്പിച്ചപ്പോൾ വി.ആർ സുധീഷ് വർത്തമാന കാലത്തിന്റെ ക്രോധ ഭൂതങ്ങളെ സംഭ്രാന്തിയുടെ മഹാസാന്നിദ്ധ്യങ്ങളാക്കി മാറ്റിയിരിക്കുന്നു.

ചിറകുകൾ പോലും കയറുകളായി മാറുന്ന ഒരു കാലത്തിന്റെ തമോഗർത്തങ്ങളിലേക്ക് കണ്ണുകൾ തുറന്ന് വെക്കുമ്പോഴാണ് കല അതിന്റെ അഗാതതയിൽ രാഷ്ട്രീയ മാകുന്നത്. തീരത്തിലേക്ക് ആഴുന്നാഴ്ന്ന് പോകാതെ രാഷ്ട്രീയത്തിന്റെ അത്യന്ത വിസ്തൃതമായ ആകാശങ്ങളിലേക്ക് കണ്ണ് തുറക്കുക അസാദ്യമാണ്.

ജനാധിപത്യ രാഷ്ട്രീയം പ്രത്യാശയുടെ പച്ചപ്പാണ്. പൊള്ളയായ ശുഭാപ്തിവിശ്വാസത്തിനും വന്ധ്യമായ അശുഭാപ്തി വിശ്വാസത്തിനുമെതിരെ അതെന്നുമുയർത്തിപിടച്ചത് ചരിത്ര ധന്യമായ പ്രതീക്ഷയുടെ പതാകയാണ്. ഇന്നത്തെ കാളരാത്രി നിങ്ങളുടേതാകാം, പക്ഷേ നാളത്തെ പ്രഭാതം ഞങ്ങളുടേതാണ് എന്ന് കഴുമരം കാത്തുനിൽക്കുമ്പോഴും ഒരു ബെഞ്ചമിൻ മോളായ്സിന് പ്രഖ്യാപിക്കാൻ കഴിഞ്ഞത്, ജ്വലിക്കുന്നൊരു പ്രതീക്ഷയിൽ അയാൾ പൂർണ്ണമായും ജീവിച്ചതുകൊണ്ടാണ്.

***അഞ്ച്,***

രാഷ്ട്രീയത്തിന്റെ സ്ഥാനം അരാഷ്ട്രീയതയും തത്വശാസ്ത്രത്തിന്റെ സ്ഥാനം 'പ്രചാരണ പരസ്യങ്ങളും' സമ്പദ് ശാസ്ത്രത്തിന്റെ സ്ഥാനം 'ഊഹശാസ്ത്രവും' ബദൽ പ്രതീക്ഷകളുടെ സ്ഥാനം പുനരുദ്ധാനമോഹങ്ങളും ചരിത്രബോധത്തിന്റെ സ്ഥാനം 'മിത്തിക്കൽ ബോധവും' കയ്യേറുന്ന ഒരു പുത്തൻ അധിനിവേശകാലത്ത് സൗന്ദര്യബോധം മാത്രം സുരക്ഷിതമായി നിലകൊള്ളുന്നുവെന്ന് കരുതുക വയ്യ.

***ആറ്,***

തൊള്ളായിരത്തി ഇരുപത്തിരണ്ടിൽ "ജാതി ചോദിക്കുന്നില്ല ഞാൻ സോദരി" എന്ന് സ്നേഹപൂർവ്വം ആശാന്റെ ഒരു കഥാപാത്രം. "ജാതി ചോദിച്ചാലെന്താ" എന്ന് തോണ്ണുറുകളുടെ ഒടുവിൽ ഇവിടെ ഒരു മനുഷ്യൻ! 'തീപാദങ്ങൾ' അത്യന്തം അനിവാര്യമാകുന്ന ഒരു ചരിത്രഘട്ടത്തിലാണ് തീർച്ചയായും നാം ഇന്ന് ജീവിക്കുന്നത്. ഉയരുന്ന പുനരുദ്ധാരണത്തിന്റെ പതാകക്ക് അച്ചടക്കതോടെ 'അഭിവാദ്യം' ചെയ്യുന്നവരും അതിനെതിരെ മുഷ്ടി ചുരുട്ടുന്നവരും തമ്മിലുള്ള സംഘർഷത്തിൽ നിന്നും ഇനി ഒരു തലത്തിലുള്ള വായനാരീതിക്കും പൂർണമായി മാറിനിൽക്കാനാവില്ല. 'ദാനം കിട്ടിയ പശുവിന്റെ പല്ല് എണ്ണി നോക്കണോ' എന്ന ചോദ്യരൂപം സ്വീകരിച്ച ഉത്തരത്തിനും, 'ഉണ്ടചോറിന് നന്ദി കാട്ടണ'മെന്ന് യജമാനന്മാരുടെ ഉത്തരവുകൾക്കുമിടയിൽ ഇടറിനലിക്കുന്നവർക്ക് തീപാഠങ്ങളിൽ നിന്നുമുയരുന്ന തീജ്വാലകൾ കാണുമ്പോൾ ഭീതി അനുഭവപ്പെടുക സ്വാഭാവികമാണ്. അധികാരത്തിന്റെ മുൻപിൽ നിന്നും ഒഴിഞ്ഞുമാറാനുള്ള യുക്തികളല്ല, അതിനെ അട്ടിമറിക്കാനുള്ള വഴികളാണ് വിമോചനാത്മകവായന അന്വേഷിക്കുന്നത്. മൂലധനശക്തികൾക്കു മുൻപിൽ മുട്ടുമടക്കുന്ന വിധേയത്വവായനാരീതികൾക്കെതിരെ വിമർശനബോധത്തിന്റെ വീര്യമാണ് 'വിമോചനവായന' ഉയർത്തിപ്പിടിക്കുന്നത്.

***ഏഴ്,***

സ്വന്തം സഹജീവിയെ മറ്റൊരു മതക്കാരനാണെന്ന ഒറ്റ കാരണംകൊണ്ട് അന്യനെന്ന് മുദ്രകുത്തി ആക്രമിക്കുകയല്ല, അശയവിനിമയത്തിനും അതുവഴി സ്നേഹത്തിനും അനുകൂലമായ ഒരു സാഹചര്യം ഒരുക്കകയാണ് വേണ്ടത്. അന്യൻ സമം ശത്രു എന്ന സങ്കുചിത സമീപനമല്ല 'അറിയപ്പെടാത്ത അനേകായിരങ്ങളുമായി നീയെനിക്ക് സൗഹൃതം നൽകി' എന്ന് പാടാനാവുംവിധം 'ജാതിമതഭേദമെന്യേ സ്വയം പുതുക്കിപ്പണിയുകയാണ് ഇന്ന് അനിവാര്യമായിട്ടുള്ളത്'. അന്യന്റെ വാക്കുകൾപോലും സംഗീതം പോലെ ആസ്വദിക്കുവാൻ കഴിയുന്ന കാലത്തെക്കുറിച്ചുള്ള പ്രകാശപൂർണ്ണമായ പ്രത്യാശ നമുക്ക് നഷ്ടപ്പെട്ടുകൂടാ. സകല സങ്കുചിതത്വങ്ങൾക്കും അതീതമായി ശിരസ്സുയർത്തി നിൽക്കുന്ന വികസിച്ച ബന്ധങ്ങളാണ് മനുഷ്യമഹത്വത്തിന്റെ മാനദണ്ഡമെന്ന സത്യം നാമൊരിക്കലും മറന്നുകൂടാ.

രോഗം വരുമ്പോൾ ജാതി മറന്ന് ചോരയും കണ്ണും ആരിൽ നിന്നും സ്വീകരിക്കുന്നവർ ആരോഗ്യമുള്ളപ്പോൾ എല്ലാതലത്തിലും എല്ലാവരുമായി ബന്ധപ്പെടാൻ മടിക്കുന്നു! ആശുപത്രിയിൽ രോഗിയായി കിടക്കുമ്പോൾ മാത്രം മനുഷ്യരാവുകയും രോഗം മാറി തിരിച്ചു പോകുമ്പോൾ സകല പിഴച്ച ആചാരങ്ങളോടും കൂറുപുലർത്തുന്ന 'അന്തസ്സുള്ള നാട്ടുപൗര'നായി തലയുയർത്തി നിൽക്കുകയും ചെയ്യുന്നത് ഓർമിപ്പിക്കുന്ന രോഗബാധിതമായ മനുഷ്യത്വത്തെയാണ്. ആപത്തുകാലത്ത് മതേതരത്വം, സമ്പത്തുകാലത്ത് മതജാതി സങ്കുചിതത്വ!

പ്രേമവും സമരവും മനുഷ്യനിൽനിന്നും ആവശ്യപ്പെടുന്നത് അവന്റെ സർവസ്വവുമാണ്. ആത്മസമർപ്പണത്തിനുള്ള നിരുപാധികമായ ആഹ്വാനമാണ് രണ്ടിലുമുള്ളത്. വാണിജ്യ സംസ്കാരത്തിന്റെ നീതിബോധത്തിന് പൂർണ്ണമായും അടിമപ്പെട്ടവർക്ക് സ്നേഹത്തിന്റെ ലോകം അജ്ഞാതമായിരിക്കും.

***എട്ട്,***

ഇന്ന് മനുഷ്യനാവുക എന്നതിന്റെ ഒരർത്ഥം ആധുനിക സാമ്രാജ്യത്വത്തിന്റെ അധികാര കേന്ദ്രമായി മാറിയ 'അമേരിക്കനിസത്തെ' ധീരമായി നിരാകരിക്കുക എന്നുള്ളതാണ്. അമേരിക്കയെന്നാൽ ഇന്ന് തോമസ് ജോഫേഴ്സൺന്റെ 'മനുഷ്യാവകാശ പ്രഖ്യാപനമോ' അബ്രാഹം ലിങ്കന്റെ അടിമ വിമോചന സംരംഭങ്ങളോ അല്ല, മറിച്ച്

ബുഷിന്റെ മരണ വ്യവസായങ്ങളും അതിന്റെ ആക്രോശങ്ങളും അതിലേറെ അതിന്റെ കൂടപ്പിറപ്പായ ആഭാസങ്ങളുമാണ്. യു.എസ്. എന്നത് ഇന്ന് മനുഷ്യത്വത്തിന്റെ മൃതദേഹങ്ങൾക്കുമേൽ ആയുധകമ്പനികളും എണ്ണക്കമ്പനികളും നടത്തുന്ന ഒരു താണ്ഡവ നൃത്തത്തിന്റെ ചുരുക്കെഴുത്താണ്. യു.എസ്.എ. ലോക സാമ്രാജ്യത്വ വ്യവസ്ഥയുടെ പുകയുന്ന തലച്ചോറും അതിന്റെ വിഷം പമ്പ് ചെയ്യുന്ന ഹൃദയവുമാണ്. മനുഷ്യത്വത്തിന്നെതിരെ അവരുയർത്തിക്കഴിഞ്ഞ ആയുധങ്ങളിൽ മാത്രമല്ല, അവർ വെച്ചുവിളമ്പുന്ന ആഹാരത്തിലും കുപ്പികളിൽ നിറച്ച അവരുടെ പാനീയങ്ങളിലും ചോരയും പുഴുക്കളുമുണ്ട്. 'കോള' കുടിനീരല്ല ഭൂമിയിലെ പീഡിതരുടെ ചോരയാണ്. കെന്റക്കി വിൽക്കുന്ന 'ചിക്കൺ' വൈവിധ്യ പൂർണ്ണമായ രുചികൾക്കു നേരെ സാമ്രാജ്യത്വം അഴിച്ചു വിട്ട ഒരു വേട്ടപട്ടിയാണ്. അവരുടെ മുഖം മിനുക്കുന്ന പൗഡറുകളും, തൊലി മിനുസമാക്കുന്ന ക്രീമുകളും നമുക്കു വേണ്ട. ഇരുണ്ട നിറവും ഉണ്ടക്കണ്ണും പരുത്ത തൊലിയും വിയർപ്പിന്റെ മണവും പാതകവും പാപവുമല്ല. മുമ്പും നമ്മുടെ മുൻഗാമികൾ ചരിത്രത്തിൽ നിവർന്നു നിന്നത് 'ചർമ്മം മിനുസപ്പെടുത്തിയിട്ടല്ല. അന്നും അവർ അനീതിക്കെതിരെ മുഷ്ടിചുരുട്ടിയത് മുഖത്ത് ക്രീമും പൗഡറും തേച്ചുപിടിപ്പിച്ചിട്ടുമല്ല!

കേരളത്തിന്റെ തെങ്ങുകളിൽപോലും ഇപ്പോൾ കുലക്കുന്നത് കോളകളാണ്. 'കേരളം' എന്ന കഥയിൽ ഇത്തരമൊരസംബന്ധത്തിന്റെ അപഹാസ്യത ശക്തമായൊരാക്ഷേപഹാസ്യ പ്രയോഗത്തിലൂടെ പ്രമുഖ ചെറുകഥാകൃത്തായ പി.കെ. പാറക്കടവ് ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു : 'ശങ്കരൻ വീണ്ടും തെങ്ങിന്മേൽ കേറി. രണ്ട് പെപ്സി / ഒരു സെവൻ അപ് / മൂന്ന് കൊക്കകോള - ഇത്രയും താഴേക്കെറിഞ്ഞു. (കേരളം). 'കോള ബഹിഷ്കരണ സമരം' സൂക്ഷ്മാർത്ഥത്തിൽ അടിച്ചേൽപ്പിക്കപ്പെട്ട അഭിരുചികൾ അട്ടിമറിക്കാനുള്ള ഒരു ഗംഭീര സമരത്തിന്റെ ധീരമായ ആമുഖമാണ്. അഭിരുചികളുടെ അടിയൊഴുക്കുകളേ, പരസ്യ പ്രളയങ്ങളെ പ്രതിരോധിച്ചുകൊണ്ടത് പിന്തുടരുന്നു. ദാഹം കോളയെയല്ല, കോള ദാഹത്തെയാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. കോളകൾ അഭിസംബോധന ചെയ്യുന്നത് അധ്വാനത്തെയല്ല. വിശ്രമത്തെയാണ് ആലസ്യങ്ങളെയാണ്. വ്യക്തിയുടെ ഒരനിവാര്യ ഉപഭോഗവസ്തു എന്നതിനേക്കാൾ അത് ഒരാൾക്കൂട്ടത്തിന്റെ ആവേശമാണ്. ഒരർത്ഥത്തിൽ സ്വന്തം മണ്ണിൽ നിന്നും ഭാഷയിൽ നിന്നും ചരിത്രത്തിൽ നിന്നും ബന്ധങ്ങളിൽ നിന്നും വിച്ഛേദിക്കപ്പെട്ട ഒരു ജനത കോളക്കു വേണ്ടി കാത്തിരിക്കുകയായിരുന്നു. കോള അവരേയും കാത്തിരിക്കുകയായിരുന്നു. കുംഭമാസത്തിൽ ടൈ കെട്ടി വിയർക്കുന്ന ഒരു മധ്യ വർഗ മലയാളിക്ക് ഒരു കുഗ്രാമത്തിലെ കടയിൽ ചെന്ന് മോരുംവെള്ളം എന്നോ ഒരവിലും വെള്ളം എന്നോ പറയുക എത്ര പ്രയാസകരമാണ്. 'കോള' അവർക്ക് എത്രമേൽ ആശ്വാസപ്രദമാണ്.

സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്ന മഹത്തായ ജനകീയ മുദ്രാവാക്യത്തിന്റെ സ്ഥാനത്ത് ഇപ്പോൾ ഉയരുന്നത് ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്ന കമ്പോള മുദ്രാവാക്യങ്ങളാണ്. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു കിനാവിനു പകരം വിജയികളെ മാത്രം വാഴ്ത്തുന്ന ഒരു കാഴ്ചപ്പാടാണ് ഇപ്പോൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത്. ദരിദ്രരും അധ:സ്ഥിതരും ദുർബ്ബലരും രോഗികളും അടങ്ങുന്ന ഭൂരിപക്ഷം മനുഷ്യരും അവഗണിക്കപ്പെടുകയോ ക്രൂരമാം വിധം ഉപേക്ഷിക്കപ്പെടുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. 'പണം നടത്തും ഇന്ദ്ര ജാല'ത്തിന്നിടയിൽ മനുഷ്യത്വത്തിനും മൂല്യങ്ങൾക്കും ഇടം നഷ്ടപ്പെടും വിധം മൂലധന കേന്ദ്രിതമായ കാഴ്ചപ്പാടുകളാണ് എങ്ങും മേൽക്കോയ്മ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. പണമില്ലാത്തവരെല്ലാം അപ്രസക്തരാകുന്ന അത്യന്തം ക്രൂരമായ ഒരു സോഷ്യൽ ഡാർവിനിസ്റ്റ് യുക്തിയുടെ ആധിപത്യത്തിൽ നിന്ന് വിദ്യാഭ്യാസ മണ്ഡലത്തിന് മാത്രമായി ഒരു മോചനം അസാധ്യമാണ്. മുമ്പ് മനുഷ്യാവകാശ മായിരുന്ന വിദ്യാഭ്യാസം ഇന്ന് സമ്പന്നരുടെ സ്വകാര്യവകാശം മാത്രമായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനെ ജനകീയ വിദ്യാഭ്യാസത്തിന്റെ പതനം എന്നതോടൊപ്പം മാനവികതയുടെ മരണം എന്ന നിലക്കുകൂടി ഇനി മുതൽ തിരിച്ചറിയേണ്ടിയിരിക്കുന്നു. മുട്ടുന്ന ആട്ടിൻകുട്ടിയെ ഇന് ആര് ചുമലിലെടുക്കും? കത്തിക്കൊണ്ടിരിക്കുന്ന തീ ഇനി ആരണക്കും ? വീഴുന്നവരെ ഇനിയാരുതുണക്കും ?

***ഒൻപത്,***

റാഗിങ്ങിന്റെ ഭാഗമായി ദാരുണമാംവിധം കൊലചെയ്യപ്പെട്ടവരും, പഠനം ഉപേക്ഷിക്കപ്പെട്ടവരും, നിശ്ശബ്ദമായി വിളിച്ചു ചോദിക്കുന്നത് നമ്മുടെ കൺ മുമ്പിൽ റാഗിങ്ങ് ആവർത്തിക്കുമ്പോൾ നിങ്ങളും നിങ്ങളും എന്തു ചെയ്യും എന്ന ചോദ്യമാണ്. ജീവനുള്ളവയെ മുഴുവൻ പിച്ചിക്കീറി രസിക്കുന്ന (!) റാഗിങ്ങ് ചട്ടമ്പികളുടെ ശവകാമുക സമീപനങ്ങളും (Necrophilia) പരപീഡാരതിയുടെ (Sadism) കൊടുമുടിയിൽ കയറി നിന്നുള്ള അവരുടെ കാടൻ ചിരികളും വീണു കിടക്കുന്നവരെ പിന്നെയും ചവിട്ടുന്ന അവരുടെ ക്രൂരതകളും കരുണയർഹിക്കുന്നില്ല.

കുത്താൻ വരുന്ന പോത്തിന്റെ കൊമ്പുകൾക്കു മുമ്പിൽ എന്നും തൊഴുത് നിൽക്കുന്നവർക്ക് പിന്നെയും പിന്നെയും കുത്തു കൊള്ളേണ്ടിവരുന്നതോടൊപ്പം നഷ്ടമാകുന്നത് കരുണ പൂക്കുന്ന ഒരു കാലത്തെക്കുറിച്ചുള്ള കിനാവുകളാണ്. മനുഷ്യത്വത്തിന്റെ നനവുകൾ വറ്റിത്തീരുമ്പോഴാണ് നീതി ബോധം നഷ്ടപ്പെടുന്നത്. അപ്പോളാണ് ആഭാസകരമായ പെരുമാറ്റങ്ങൾപോലും ആഘോഷിക്കുന്ന വിധത്തിലുള്ള കെട്ട മാനസികാവസ്ഥ വളർന്നു വരുന്നത്! തനിക്കപ്പുറത്തേക്കോ ഇപ്പുറത്തേക്കോ തിരിഞ്ഞുനോക്കാൻ പോലുമാകാത്തവിധത്തിൽ 'തന്നിലുറച്ച് പോകുന്ന' അത്യന്തം സങ്കുചിതമായ 'വീവാ-ബൂസ്റ്റ് കണ്ണാടിക്കിടാങ്ങളാണ്' റാഗിങ് ഗുണ്ടകളിലധികവും!

'ഗുണ്ടായിസം' ഗോർക്കി സൂചിപ്പിക്കുന്നതുപോലെ വ്യക്തിയുടെ ശിഥിലീകരണം പരമാവസ്ഥയിലെത്തി നിൽക്കുന്നു എന്നതിന്റെ തർക്കമറ്റ തെളിവാണത്. ഒരു പക്ഷേ, ഇത് സാമൂഹ്യപോഷകാംസങ്ങളുടെ കുറവു കൊണ്ട് മസ്തിഷ്കത്തെ ബാധിക്കുന്ന വല്ല തീരാവ്യാധിയുമാകാം അല്ലെങ്കിൽ ബോധേന്ദ്രിയങ്ങൾക്ക് പിടിപെ

കേരളത്തിന്റെ തെങ്ങുകളിൽപോലും ഇപ്പോൾ കുലക്കുന്നത് കോളകളാണ്. 'കേരളം' എന്ന കഥയിൽ ഇത്തരമൊര സംബന്ധത്തിന്റെ അപഹാസ്യത ശക്തമായൊരാക്ഷേപഹാസ്യ പ്രയോഗത്തിലൂടെ പ്രമുഖ ചെറുകഥാകൃത്തായ പി. കെ. പാറക്കടവ് ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു : 'ശങ്കരൻ വീണ്ടും തെങ്ങിന്മേൽ കേറി. രണ്ട് പെപ്സി / ഒരു സെവൻ അപ് / മൂന്ന് കൊക്കകോള – ഇത്രയും താഴേക്കെറിഞ്ഞു. (കേരളം).

ടുന്ന വല്ല സുഖക്കേടുമാകാം.

കലാലയത്തിൽ നടക്കുന്ന റാഗിങ്ങിനെ പരിചയപ്പെടലിന്റെ ക്യാമ്പസ് ചടങ്ങായി കാണുന്നവർ ഉപരിവർഗ ജീർണ്ണതയുടെ പേക്കൂത്തുകളെ പരോക്ഷമായി പിന്തുണക്കുന്നവരാണ്. ഒരു ജനതയുടെ ജീവിതത്തെ ആക്രമിച്ചു കൊണ്ട് കൊഴുക്കുന്ന ചൂഷകനും ഒന്നാം വർഷ വിദ്യാർഥികളുടെ നേരെ തെമ്മാടിത്തരം കാട്ടി അലറിച്ചിരിക്കുന്നവരും ആശയമണ്ഡലത്തിൽ നിൽക്കുന്നത് അടുത്തടുത്താണ്! ഒരു വിഭാഗത്തിന്റെ തകർച്ചയിൽ നിന്നും ദുഃഖത്തിൽ നിന്നും ഇവർക്ക് യഥാക്രമം ലാഭവും മാനസികാഹ്ലാദവും ലഭിക്കുന്നു!

**പത്ത്,**

'നല്ല വാക്കുകൾ കൈയിലുണ്ടെങ്കിൽ നല്ല ജീവിതവും ഉണ്ടാവും' എന്നെഴുതിയത് പ്രമുഖ കഥാകൃത്തായ എൻ. പ്രഭാകരനാണ്. മതേതരത്വം, മാനവികത, നവോത്ഥാനം, സോഷ്യലിസം, സർഗാത്മകത തുടങ്ങി പ്രകാശം പരത്തുന്ന പദങ്ങൾ കൂടി അപ്രത്യക്ഷമാകുന്ന ഒരു ലോകത്തെക്കുറിച്ചുള്ള ഗംഭീരമായ ആമുഖമായിരിക്കാൻ ഇതിലും നല്ലൊരു വാചകം ഓർമയിലില്ല. ഫാസിസം ഭാഷയിൽപോലും എരിയുന്ന തിന്മയായും സൗഹൃദങ്ങളെപ്പോലും അസാധ്യമാക്കുന്ന അല്പത്തമായും പതുങ്ങി നിൽക്കുന്ന കലുഷമായ ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. പൂക്കലങ്ങളെ മുഴുവനും ഫാസിസം കൊലക്കളമാക്കും. ഭൂമിയിലെ ആർദ്രതകകളിലും ആകാശത്തിന്റെ നീലിമകളിലും അത് ചെഞ്ചോര പുരട്ടും. കാറ്റിൽ കാലൊച്ചകൾക്കും കുഞ്ഞുങ്ങളുടെ അരുവിച്ചിരികൾക്കുമിടയിൽ നിന്ന് പോലും അത് ത്രിശൂലങ്ങൾ ഉയർത്തും. ഇത്രനാളും ചെളിയിൽ നിന്നും പിറന്നിരുന്ന പഴയ താമരകൾ ഇനിമുതൽ ചോരയിൽ നിന്ന് മാത്രമേ പിറക്കുകയുള്ളൂവെന്ന് സ്വയം ശഠിച്ചു തുടങ്ങും. ബുദ്ധൻ ഒരാണവസ്ഫോടനവും ചർക്ക ഒരു തോക്കുമാവും ! ഇതുപോലൊരു കാലത്താണ് ദുരിതകാലത്തും പാട്ടുകൾ ഉണ്ടാവുമോ എന്നു ഉവ്വ്, ഉണ്ടാവും. അത് ദുരിതങ്ങളെക്കുറിച്ചുള്ള പാട്ടുകളായും എന്നും ബ്രഹ്ത് പറഞ്ഞത്.

സ്വന്തം അടുക്കളയിൽ ഏതുതരത്തിലുള്ള ഭക്ഷണം പാചകം ചെയ്യണം എന്ന് തീരുമാനിക്കാൻ സ്വാതന്ത്ര്യമില്ലാത്ത ഒരു ജനതയുടെ അവസ്ഥ എത്ര പരിതാപകരമാണ്. ഇന്ത്യയുടെ പലഭാഗങ്ങളിലും ഇത്തരം അവസ്ഥകളുണ്ട്. ഭക്ഷണമുണ്ടാകുന്നതുപോലും ഒരു ഒളിപ്രവർത്തനമായി എത്രയോ കാലമായി തുടർന്നുകൊണ്ടിരിക്കുകയാണ് എന്നും, ഇപ്പോഴും അതിനൊരു മാറ്റവും വന്നിട്ടില്ല എന്നും എന്നിട്ടും ഇതൊരു അന്വേഷണ വിഷയമോ ചർച്ചാ വിഷയമോ പോലും ആകുന്നില്ല എന്നും ഉള്ള അവസ്ഥ എത്രമാത്രം ഭീകരമാണ്. സർവണ്ണമൂല്യങ്ങളിൽ നിന്ന് വിത്യസ്ഥമായ ജീവിതരീതി പുലർത്തുന്ന സമൂഹങ്ങൾ വളരെ ഭീതിജനകമായ രീതിയിലാണ് ഉത്തരേന്ത്യയിൽ പലയിടത്തും ജീവിക്കുന്നത്. കൊലയും, കൊലവിളിയുമില്ല. ആ സമാധാനകാലത്തുപോലും അവരുടെ ജീവിതം അത്യന്തം സംഘർഷമാണ്. പ്രസ്തുത സംഘർഷം പക്ഷെ അടയാളപ്പെടുത്തപ്പെടാതെ പോകുന്നു. ഇങ്ങനെ, രേഖപ്പെടുത്തപ്പെടാതെ പോകുന്ന നീണ്ട കാലത്തെ സംഘർഷങ്ങൾ ഇന്നും ഗുജറാത്തിലെ ന്യൂനപക്ഷങ്ങളും അധഃസ്ഥിതരും ദളിതരും അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. പ്രസ്തുത 'നിശബ്ദ ഭീകരത' (Silent Terrorism) യ്ക്കു മുന്നിൽ നമ്മുടെ സമൂഹം കുറ്റകരമായ നിശബ്ദ പുലർത്തിക്കൊണ്ടിരിക്കുകയാണ്.

'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന പൊക്കുടന്റെ ആത്മകഥയിൽ ഒരു വരിയുണ്ട്. 'വാക്കുകൾക്ക് പച്ചമണ്ണിന്റെയും പച്ചമീനിന്റെയും പുതുനെല്ലിന്റെയും മണം വരുമ്പോൾ അതെത്രമേൽ വ്യത്യസ്തമായിരിക്കുമെന്ന് വായനക്കാർക്ക് സംശയമുണ്ടോ ? ഇത് ഒരു പൊക്കുടന് കേരളത്തിൽ നിന്നും ചോദിക്കാൻ കഴിയും. പച്ചമണ്ണിന്റെയും പച്ചമീനിന്റെയും പുതുനെല്ലിന്റെയും മണത്തെക്കുറിച്ച് ഒരു കീഴാളന് കേരളത്തിൽ സംസാരിക്കാൻ പറ്റും. ആ മണം നമ്മുടെ ജീവിതത്തിന്റെ മണം തന്നെയാണ്. പക്ഷേ പ്രസ്തുത ഗന്ധത്തിന് ഗുജറാത്തിലെ സവർണ്ണകേന്ദ്രങ്ങളിൽ വിലക്കാണ്. ഇതിൽ പരാതിപ്പെടേണ്ടവർ രണ്ടാം തരം പൗരൻമാരായി കീഴങ്ങി ജീവിക്കുന്ന അവസ്ഥ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം എത്ര ഭീകരമാണ്?

ഗുജറാത്ത് യാത്രക്കിടയിൽ പരിചയപ്പെട്ട സോണിയ മലയാളിയാണെങ്കിലും സൗരാഷ്ട്രയിലാണ് ജനിച്ചത്. ജോലി ചെയ്യുന്നത് ഗുജറാത്തിലാണ്. സൗരാഷ്ട്രയിലെ സവർണ്ണ ഭൂരിപക്ഷ പ്രദേശത്താണ് അവർ ഇപ്പോൾ താമസിക്കുന്നത്. അവിടെയവർക്ക് മത്സ്യം പാകം ചെയ്യണമെങ്കിൽ പന്ദനത്തിരി കത്തിച്ചു വെക്കണം. രണ്ടു രൂപയുടെ മത്തി പാകം ചെയ്യാൻ അഞ്ച് രൂപയുടെ ചന്ദനത്തിരി കത്തിക്കണം. ഇതൊരു നിശ്ശബ്ദ ഭീകരവാദമല്ലെങ്കിൽ പിന്നെ മറ്റെന്താണ് ? കേരളത്തിൽ നിന്ന് മുമ്പ് സൂചിപ്പിച്ചവിധം പോക്കുടന് 'പച്ചമണ്ണിന്റെയും പച്ച മീനിന്റെയും പുതുനെല്ലിന്റെയും മണമുള്ള' ഒരു ഭാഷയെക്കുറിച്ച് സംസാരിക്കാനാകും. ഗുജറാത്തിലത് കഴിയില്ല. നിശ്ശബ്ദ ഭീകരതയാണ് എത്രയോ പതിറ്റാണ്ടുകളായി ഗുജറാത്തിന്റെ സാംസ്കാരിക ജിവിതത്തിൽ നേതൃത്വം വഹിക്കുന്നത്.

❖